**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2879** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഞാങ്കടവ് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . മുകേഷ് | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കി വരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കി വരുന്ന ഞാങ്കടവ് പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന കൊല്ലം കോർപ്പറേഷൻ ശുദ്ധജല വിതരണ - വിപുലീകരണം ഒന്നാം ഘട്ടം - ഭരണാനുമതി തുക - 92.08 കോടി രൂപ പവിത്രേശ്വരം പഞ്ചായത്തിലെ ഞാങ്കടവ് പാലത്തിനു സമീപം കല്ലടയാറിന്റെ തീരത്തു 12 മീറ്റർ വ്യാസമുള്ള കിണറാണ് ഈ പദ്ധതിയുടെ സ്രോതസ്സ്. കിണറിന്റെ നിർമാണം പൂർത്തിയായിട്ടുണ്ട്. ജല ലഭ്യത ഉറപ്പു വരുത്തുന്നതിനായി കല്ലടയാറിനു കുറുകെ നിർമിക്കുന്ന തടയണയുടെ പ്രവൃത്തികൾ ജലസേചന വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ പ്രവൃത്തി നടന്നു വരുന്നു. വസൂരിച്ചിറയിൽ സ്ഥാപിക്കേണ്ട നൂറു ദശലക്ഷം ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി നടത്തി വരുന്നു.വസൂരിച്ചിറയിൽ നിന്നും വടക്കേവിളയിൽ നിലവിലുള്ള ഉപരിതല ജല സംഭരണിയിലേയ്ക്കുള്ള 500 എംഎം ഡി ഐ കെ 9 (DI K9) പമ്പിങ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. 2. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന കൊല്ലം കോർപ്പറേഷൻ ശുദ്ധജല വിതരണ - വിപുലീകരണം രണ്ടാം ഘട്ടം - ഭരണാനുമതി തുക - 235 കോടി രൂപ. ഞാങ്കടവ് മുതൽ വസൂരിച്ചിറ വരെ സ്ഥാപിക്കേണ്ട റോ വാട്ടർ പമ്പിങ് മെയിനിന്റെ പണികൾ 90% പൂർത്തീകരിച്ചു. വസൂരിച്ചിറയിൽ സ്ഥിതി ചെയ്യുന്ന ഇരുപതു ലക്ഷം ലിറ്റർ സംഭരണ ശേഷി ഉള്ള ഉന്നതതല ജല സംഭരണിയുടെ പണികൾ പൂർത്തിയായി. മണിച്ചിത്തോട്ടുള്ള 54 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെയും വസൂരിച്ചിറ മുതൽ മണിച്ചിത്തോട്ടു വരെയും, മണിച്ചിത്തോട് മുതൽ |

| | | | |
|---|---|---|---|
| | | | ആനന്ദവല്ലീശ്വരം വരെയുള്ള ക്ലിയർ വാട്ടർ പമ്പിങ് മെയിനിന്റെയും 31% പണികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി തൃക്കരുവ, പനയം പഞ്ചായത്തുകൾക്ക് കൂടി പ്രയോജനപ്രദമാകുന്ന വിധത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച ആവശ്യത്തിൻമേൽ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പരിശോധന നടത്തിയിട്ടുണ്ട്. തൃക്കരുവ, പനയം, പെരിനാട്, മൺട്രോതുരുത്ത് എന്നീ പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ അടങ്കൽ തുക (53.8 കോടി രൂപ)യുടെ 20% തുക 2021-22 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ